(ബി) ഈ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വ്യക്തമാക്കുമോ ;

(സി) കഴിവതും വേഗത്തിൽ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇന്റഗ്രേറ്റഡ് പവർ ഡെവലപ്പ്മെന്റ് സ്കീമിൽ (IPDS) ഉൾപ്പെടുത്തി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിൽ കന്നംകുളം സബ്സ്റ്റേഷന്റെ നവീകരണത്തിനായി 4.25 ലക്ഷം രൂപയുടേയും കൊങ്ങന്നൂർ 33 KV സബ്സ്റ്റേഷൻ നവീകരണത്തിനായി 72.4 ലക്ഷം രൂപയുടേയും പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) IPDS പദ്ധതിയുടെ അനുമതിക്കായി മേല്പറഞ്ഞ പ്രവൃത്തികൾ ഉൾപ്പെട്ട Detailed Project Report സമർപ്പിച്ചിട്ടുണ്ട്.

(സി) കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

ചാത്തംകോട്ട്നട ചെറുകിട ജലവൈദ്യുത പദ്ധതി

108 (475) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലവൈദ്യുത പദ്ധതികളിൽപ്പെട്ട ചാത്തംകോട്ട്നട പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(ബി) പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാത്തംകോട്ട്നട പദ്ധതിയുടെ 20% ജോലികൾ പൂർത്തിയായി.

(ബി) നിലവിലുള്ള കരാർ വഴി ഗണ്യമായ പുരോഗതി ലഭ്യമാകാത്തതിനാൽ പ്രസ്തുത കരാർ നിർത്തലാക്കാനും പുതിയ കരാറിൽ ഏർപ്പെടാനും ഉദ്ദേശിക്കുന്നു. അതുവഴി 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly